## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2759** **24-02-2026 - ൽ മറുപടിയ്ക്ക്**

## വനപരിപാലന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ, ശ്രീ. ടി.ഐ.മധുസൂദനൻ, ശ്രീ. പി.പി. സുമോദ്, ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനായി വനസംരക്ഷണ മേഖലയിൽ നടപ്പിലാക്കുന്ന ദീർഘകാല നയങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കാലാവസ്ഥ വ്യതിയാനത്തെ നേരിടുന്നതിനായി സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 29/2021/വനം, തീയതി 17.12.2021 പ്രകാരം വനം വകുപ്പ് നയരേഖ അംഗീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത നയരേഖ പ്രകാരം പരിസ്ഥിതിയ്ക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം തുടങ്ങിയ വിദേശയിനം ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് തദ്ദേശീയ ഇനത്തിൽപ്പെട്ട വട്ട, ഈട്ടി, മരുതി, ആഞ്ഞിലി, മലവേപ്പ് തുടങ്ങിയ മരങ്ങളും ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിക്കുകയും അതുവഴി വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കൂടാതെ ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രക്ഷീണ വനങ്ങളുടെ നില മെച്ചപ്പെടുത്തി വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വരുന്നുണ്ട്. അത്തരം പ്രവർത്തനങ്ങളിലൂടെ കാലാവസ്ഥ വ്യതിയാനത്തെ ഒരു പരിധി വരെ നേരിടുന്നതിന് സഹായകരമാകുന്നുണ്ട്.<br><br>വേനൽക്കാലത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണം, ജലലഭ്യത എന്നിവ വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനായി മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ പദ്ധതി ആരഭിച്ചിട്ടുള്ളതാണ്. ടി പദ്ധതിയുടെ ഭാഗമായി തടയണകൾ, ബ്രഷ് വുഡ് ചെക്ക് ഡാം, കുളങ്ങൾ എന്നിവയും നിർമ്മിച്ച് വരുന്നു.<br><br>കാട്ടുതീ മൂലമുള്ള വനനശീകരണം തടയുന്നതിനായി വർഷാവർഷം, ഫയർ ലൈൻ തെളിയിക്കൽ, ഫയർ ബ്രേക്കിംഗ്, കൺട്രോൾ ബേണിംഗ് തുടങ്ങിയവ |

| | | | |
|---|---|---|---|
| | | | കൃത്യമായി ചെയ്തു വരുന്നു. വനപരിപാലനത്തിന് മുൻതൂക്കം നൽകുന്ന പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ, ബോധവത്കരണ ക്ലാസുകൾ എന്നിവയും നടപ്പിലാക്കിവരുന്നു. |
| (ബി) | വനപാലകരുടേയും ഫോറസ്റ്റ് സ്റ്റാഫിന്റെയും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വനപാലകരുടേയും ഫോറസ്റ്റ് സ്റ്റാഫിന്റെയും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനായി capacity building programmes, പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ, ബോധവത്കരണ ക്ലാസുകൾ എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ നൂതന സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിലൂടെ സ്റ്റാഫിന്റെ സുരക്ഷയും ഉറപ്പാക്കുന്നുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിന്റെ വിവിധ വനപരിപാലന പദ്ധതികൾ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | **ഗ്രീൻ ഇൻഡ്യ മിഷൻ (GIM):-** വനസംരക്ഷണവുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രീൻ ഇൻഡ്യ മിഷനിൽ വനാവരണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക ഇക്കോ റെസ്റ്റോറേഷനിലൂടെ വനാവരണം വർദ്ധിപ്പിക്കുക, അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, നഗര പ്രദേശങ്ങളിൽ ട്രീ കവർ വർദ്ധിപ്പിക്കുക തുടങ്ങിയ പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾക്ക് ഫണ്ട് വിനിയോഗിക്കുന്നതിനും സ്കൂൾ, കോളേജ്, ലോക്കൽ കമ്മ്യൂണിറ്റി മുഖേന നടത്തുന്നതിനും ഊന്നൽ നൽകുന്നു.<br><br>**പ്രൊജക്റ്റ് എലിഫന്റ് (PE):-** കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രൊജക്റ്റ് എലിഫന്റ് ആനകളുടെ സംരക്ഷണത്തിനും തനത് ആവാസ വ്യവസ്ഥ, സംരക്ഷണം, ആനത്താരകളുടെ സംരക്ഷണ നടപടികൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്നു.<br><br>**Agasthyavanam Biological Reserve(ABR):** വിവിധ വന സംരക്ഷണ പ്രവൃത്തികൾക്ക് ഊന്നൽ നൽകുന്നു.<br><br>**Forest Fire Prevention and Management System (FFPMS):-** അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, വിവിധ വന സംരക്ഷണ പ്രവൃത്തികൾ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്നു.<br><br>**Integrated Development of Wildlife Habitats (IDWH)** – സൗരോർജ്ജവേലികളുടെ അറ്റകുറ്റപണികൾക്കും, ദ്രുത പ്രതികരണ സേനകളുടെ നവീകരണത്തിന് ഉപകരണങ്ങൾവാങ്ങുന്നതിനും മനുഷ്യ വന്യജീവി സംഘർഷം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും, ജനവാസ മേഖലയിലിറങ്ങുന്ന വന്യജീവികളെ |

| | | | |
|---|---|---|---|
| | | | തുരത്തുന്നതിന് വാച്ചർമാരെ നിയോഗിക്കുന്നതിനും വിനിയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ